**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3880</u> <u>11.11.2019 ൽ മറുപടിക്ക്</u>

## <u>വെള്ളറട സി.എച്ച്.സി</u>

| <u>ചോദ്യം</u><br><br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | <u>ഉത്തരം</u><br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകാത്തതിനാൽ ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ലാത്തത് ആശുപത്രിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോ ; വിശദാംശം അറിയിക്കാമോ ; | (എ) | വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് മെച്ചപ്പെട്ട ചികിത്സാ സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | ഗിരിവർഗ്ഗ മേഖലയിൽ നിന്നും ഉൾപ്പെടെ ദിവസേന എഴുന്നൂറോളം ഒ.പി വരുന്ന വെള്ളറട സി.എച്ച്.സി യിലെ സ്റ്റാഫ് പാറ്റേൺ പി.എച്ച്.സി യുടേതിൽനിന്നും സി.എച്ച്.സി യുടേതായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ ; | (ബി) | സംസ്ഥാനത്തെ 152 ബ്ലോക്ക് തല സി.എച്ച്.സി.കളെ ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷത്തേയ്ക്ക് 76 ആശുപത്രികളെ ആദ്യഘട്ടമായി തെരഞ്ഞെടുത്ത് പ്ലാൻ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. |
| (സി) | വെള്ളറട സി.എച്ച്.സി യിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടറുടെ കുറവ് പരിഹരിച്ച് ഗൈനക്കോളജി വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ; വിശദാംശം അറിയിക്കാമോ ; | (സി) | ഗൈനക്കോളജി വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ഒന്നും തന്നെ നാളിതുവരെ അനുവദിച്ചിട്ടില്ല. എൻ.എച്ച്.എം. മുഖേന നിയമിച്ചിരുന്ന ഡോക്ടറുടെയും അതോടൊപ്പം നിലവിലുള്ള 3 ഡോക്ടർമാരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് ടി വിഭാഗം പ്രവർത്തിച്ചിരുന്നത്. ഡോക്ടർമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ അഭാവത്തിലും ഗൈനക്കോളജി വിഭാഗത്തിന് ആവശ്യമായ മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലാണ് ടി വിഭാഗം പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. |
| (ഡി) | മലയോര ആദിവാസി മേഖലയായ വെള്ളറടയിൽ സ്ഥിതി ചെയ്യുന്ന സി.എച്ച്.സി -യെ ഗിരിജന സൂപ്പർസ്പെഷ്യാലിറ്റി സി.എച്ച്.സി ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിക്കാമോ ? | (ഡി) | മലയോര ആദിവാസി മേഖലയായ വെള്ളറടയിൽ സ്ഥിതി ചെയ്യുന്ന സി.എച്ച്.സി -യെ ഗിരിജന സൂപ്പർസ്പെഷ്യാലിറ്റി സി.എച്ച്.സി ആയി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികളൊന്നും തന്നെ തൽക്കാലം സർക്കാർ പരിഗണനയിലില്ല. കൂടാതെ പദവി ഉയർത്തുക എന്നതല്ല ഘട്ടംഘട്ടമായി ആവശ്യമായ മെച്ചപ്പെട്ട സൗകര്യങ്ങൾ ആശുപത്രികളിൽ ക്രമീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

Hari

സെക്ഷൻ ഓഫീസർ